പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5567 — 18.11.2019 ൽ മറുപടിക്ക്

## മൊബൈൽ ഒപ്താൽമോളജി യൂണിറ്റുകൾ

| | ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ മൊബൈൽ ഒപ്താൽമോളജി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇവ എത്ര ജില്ലയിലാണ് പ്രവർത്തിക്കുന്നത്; ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നല്കാമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ 14 ജില്ലകളിലും മൊബൈൽ ഒഫ്ത്താൽമിക് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിൽ മൊബൈൽ യൂണിറ്റ് നേരിട്ടെത്തി ജനങ്ങളുടെ നേത്രപരിശോധന നടത്തി വേണ്ടുന്ന നിർദ്ദേശങ്ങളും ചികിൽസകളും നൽകി വരുന്നു. ഇതിനായി മൊബൈൽ യൂണിറ്റുകളിലേയ്ക്ക് നേത്രരോഗ വിദഗ്ധർ, കാഴ്ച പരിശോധകർ എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നു. |
| (ബി) | മൊബൈൽ ഒപ്താൽമോളജി യൂണിറ്റുകൾക്കായി എത്ര വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്നും പ്രസ്തുത വാഹനങ്ങൾ ആര് എപ്പോൾ വാങ്ങിയതാണെന്നും വ്യക്തമാക്കാമോ; | (ബി), (സി) & (ഡി) | ജില്ലകളിലെ മൊബൈൽ യുണിറ്റുകൾക്കായി ഉപയോഗിച്ചിരുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾക്കായി 2018-19 സാമ്പത്തിക വർഷം 7 വാഹനങ്ങൾ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകൾക്കായി വാങ്ങി നൽകുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഭരണാനുമതിയും, തുകയും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ കേരളാമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങി ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകളാക്കി സജ്ജീകരിക്കുന്നതിനുള്ള ടെന്റർ നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തി വരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം 7 വാഹനങ്ങൾ കൂടി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 7 ജില്ലകൾക്കായി വാങ്ങുന്നതിനുള്ള അനുമതി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. ആയത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം 2019 ഡിസംബറോടുകൂടി ജില്ലകൾക്ക് കൈമാറ്റം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത വാഹനങ്ങൾ പ്രവർത്തന സജ്ജമാണോ; ഇല്ലെങ്കിൽ ഇവ പ്രവർത്തനസജ്ജമാക്കാത്തതിന്റെ കാരണമെന്താണ്; കാലതാമസം പരിഹരിച്ച് വാഹനങ്ങൾ ഉടൻ നൽകുമോ; വിശദാംശം അറിയിക്കാമോ; | | |
| (ഡി) | ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ വാഹനങ്ങൾ മാസങ്ങളായി മൊബൈൽ ഒപ്താൽമിക് യൂണിറ്റുകൾക്ക് കൈമാറിയിട്ടില്ല എന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കാമോ? | | |

Hari

സെക്ഷൻ ഓഫീസർ